REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 11-04-2024** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- ഇന്ത്യ- ചൈന ബന്ധത്തിലെ അസാധാരണ സാഹചര്യവും, അതിർത്തി പ്രശ്നങ്ങളും അടിയന്തരമായി പരിഹരിക്കപ്പെടണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- ലോക്സഭാ തെരഞ്ഞെടുപ്പിന്റെ മൂന്നാം ഘട്ട വിജ്ഞാപനം നാളെ പുറത്തിറങ്ങും.
- ഉത്തരേന്ത്യയിൽ വിശ്വാസികൾ ഇന്ന് ഈദുൽ ഫിത്തർ ആഘോഷിക്കുന്നു.
- സംസ്ഥാനത്ത് വരുംദിവസങ്ങളിലും ഉയർന്ന പകൽ ചൂട് തുടരുമെന്ന് കാലാവസ്ഥാ വകുപ്പ്.
- IPL ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, ബെംഗളൂരു റോയൽ ചലഞ്ചേഴ്സിനെ നേരിടും.

## വാർത്തകൾ വിശദമായി

ഇന്ത്യ- ചൈന ബന്ധത്തിലെ അസാധാരണ സാഹചര്യവും, അതിർത്തി പ്രശ്നങ്ങളും അടിയന്തരമായി പരിഹരിക്കപ്പെടണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അഭിപ്രായപ്പെട്ടു. ഇരുരാജ്യങ്ങൾക്കുമിടയിലെ സമാധാനപരമായ ബന്ധം മേഖലയിലും, ആഗോള തലത്തിലും നിർണായകമാണെന്ന് അദ്ദേഹം ഒരു അമേരിക്കൻ മാസികയ്ക്കു നൽകിയ അഭിമുഖത്തിൽ പറഞ്ഞു. സൈനിക- നയതന്ത്ര തലങ്ങളിൽ ക്രിയാത്മകമായ ഉഭയകക്ഷി ശ്രമങ്ങളിലൂടെ അതിർത്തിയിൽ സുസ്ഥിരതയും, സമാധാനവും കൊണ്ടുവരാൻ കഴിയുമെന്ന് അദ്ദേഹം പ്രതീക്ഷ പ്രകടിപ്പിച്ചു.

ഓരോ തെരഞ്ഞെടുപ്പിനും വർദ്ധിച്ചുവരുന്ന വോട്ടർമാരുടെ പങ്കാളിത്തം രാജ്യത്തെ ജനാധിപത്യത്തിൽ ജനങ്ങളുടെ വിശ്വാസത്തിന് സാക്ഷ്യപത്രമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. 2019 ലെ പൊതു തിരഞ്ഞെടുപ്പിൽ 60 കോടിയിൽപ്പരം ജനങ്ങൾ പങ്കാളികളായി. 97 കോടിയോളം ജനങ്ങൾ പൊതു തിരഞ്ഞെടുപ്പിൽ വോട്ടു ചെയ്യാൻ അർഹത നേടിയവരാണ്. ഇത്തവണ വോട്ടർമാരുടെ പങ്കാളിത്തം കൂടുതൽ ഉയരുമെന്നും പ്രധാനമന്ത്രി വിശ്വാസം പ്രകടിപ്പിച്ചു.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ മൂന്നാം ഘട്ട വിജ്ഞാപനം നാളെ പുറത്തിറങ്ങും. 10 സംസ്ഥാനങ്ങളിലെയും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലെയും 94 സീറ്റുകളിലേക്കാണ് ഈ ഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്നത്. ഈ മാസം 19 വരെ നാമനിർദേശ പത്രിക സമർപ്പിക്കാം. മെയ് ഏഴിനാണ് വോട്ടെടുപ്പ് .

ഗുജറാത്തിലെ 26 ഉം കർണാടകയിലെ 14ഉം മഹാരാഷ്ട്രയിലെ 11ഉം ഉത്തർപ്രദേശിൽ 10ഉം മധ്യപ്രദേശിൽ എട്ടും ഛത്തീസ്ഗഢിൽ ഏഴും സീറ്റുകളിലേക്ക് മൂന്നാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കും. ബീഹാറിലെ അഞ്ച് സീറ്റുകളിലും അസമിലെയും പശ്ചിമ ബംഗാളിലെയും നാല് വീതം സീറ്റുകളിലും ഗോവ, ദാദ്ര നഗർ ഹവേലി, ദാമൻ ദിയു എന്നിവിടങ്ങളിലെ രണ്ട് വീതം സീറ്റുകൾ, ജമ്മു കശ്മീരിലെ ഒരു സീറ്റിലും ഈ ഘട്ടത്തിലാണ് വോട്ടെടുപ്പ്.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് പ്രചാരണം കൂടുതൽ ശക്തമായി. പൊതുയോഗങ്ങളും, റോഡ് ഷോകളും, പ്രകടനങ്ങളുമായി പ്രചാരണരംഗം വീണ്ടും സജീവമായിക്കഴിഞ്ഞു.

ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും സംസ്ഥാനത്ത് ക്രമീകരിച്ചിരിക്കുന്ന 2,122 ക്യാമറകളിലൂടെ തത്സമയ നിരീക്ഷണം നടത്തിവരികയാണെന്ന് സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. ചെക്പോസ്റ്റുകളിലെ ദൃശ്യങ്ങൾ, പെരുമാറ്റച്ചട്ടം എന്നിവയെല്ലാം നിരീക്ഷകരും, ഫ്ലയിംഗ് സ്ക്വാഡുകളും വിലയിരുത്തുന്നുണ്ട്. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വ്യാജ വാർത്തകൾ സാമൂഹ്യമാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്നവർക്കെതിരെ കർശന നടപടിയുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ആറ്റിങ്ങൽ മണ്ഡലത്തിൽ LDF നായി തിരഞ്ഞെടുപ്പ് പ്രചാരണം ആരംഭിച്ചു. രാവിലെ വർക്കലയിലെ

പ്രചാരണത്തിന് തുടക്കം കുറിച്ച മുഖ്യമന്ത്രി ഉച്ചകഴിഞ്ഞ് കാട്ടാക്കടയിലും, കന്യാകുളങ്ങരയിലും എത്തും.

✪✪✪

കോഴിക്കോട്ട് മൂന്ന് മുന്നണികളുടെയും തിരഞ്ഞെടുപ്പ് പ്രചാരണം കടുത്ത വേനൽച്ചൂടിലും ഊർജ്ജിതമായി പുരോഗമിക്കുകയാണ്..

LDF സ്ഥാനാർത്ഥി എളമരം കരീം ഇന്ന് വീടുകൾ സന്ദർശിച്ചും പ്രമുഖ വ്യക്തികളെ കണ്ടും വോട്ടഭ്യർത്ഥിക്കും. ഔദ്യോഗിക പര്യടനം ഇന്ന് ഉണ്ടാവില്ല.

NDA കോഴിക്കോട് ലോക്സഭാ മണ്ഡലം മഹിളാ സംഗമം കേന്ദ്ര മന്ത്രി മീനാക്ഷി ലേഖി ഉദ്ഘാടനം ചെയ്തു. യഥാർഥ വികസനമാണ് നരേന്ദ്ര മോദി ഗവൺമെന്റിന്റേതെന്നും സാധാരണക്കാരുടെ വിഷമങ്ങൾ മനസ്സിലാക്കിയാണ് പദ്ധതികൾ ആവിഷ്കരിക്കുന്നതെന്നും അവർ പറഞ്ഞു.

✪✪✪

കണ്ണൂർ പാർലമെൻറ് മണ്ഡലം UDF സ്ഥാനാർത്ഥി K. സുധാകരൻ ഇന്ന് ഇരിക്കൂർ നിയോജകമണ്ഡലത്തിലാണ് പര്യടനം നടത്തുന്നത്. രാവിലെ കരുവഞ്ചാലിൽ നിന്ന് ആരംഭിച്ച പര്യടനം വൈകിട്ട് ചാലിൽ വയൽ സമാപിക്കും.

LDF സ്ഥാനാർത്ഥി M.V ജയരാജനും ഇന്ന് ഇരിക്കൂർ മണ്ഡലത്തിലാണ് പര്യടനം നടത്തുന്നത്. രാവിലെ പേരട്ടയിൽ നിന്ന് തുടങ്ങിയ പര്യടനം രാത്രി ചെടിച്ചേരിയിൽ സമാപിക്കും.

NDA സ്ഥാനാർഥി C. രഘുനാഥ് മട്ടന്നൂർ നിയമസഭാ മണ്ഡലത്തിൽ രാവിലെ പര്യടനം തുടങ്ങി. . ചിറ്റാരിപ്പറമ്പിലെ സമാപന പരിപാടി BJP സംസ്ഥാന സഹ പ്രഭാരി നളിൻകുമാർ കട്ടിൽ M.P ഉദ്ഘാടനം ചെയ്യും.

✪✪✪

തിരഞ്ഞെടുപ്പ് ബോധവൽക്കരണ പരിപാടിയായ സ്വീപ്പിന്റെ ഭാഗമായി ഇടുക്കിയിൽ തിരഞ്ഞെടുപ്പ് സംബന്ധമായ ചോദ്യങ്ങൾക്ക് ഉത്തരം നൽകിയാൽ സമ്മാനം നൽകുന്ന പദ്ധതിക്ക് തുടക്കമായി. ദിവസവും ഒരു ചോദ്യം വീതം സ്വീപ്പിന്റെ ഇൻസ്റ്റാഗ്രാം പേജിലൂടെയും ജില്ലാ കളക്ടറുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജിലൂടെയും ജനങ്ങൾക്ക് മുന്നിലെത്തും. ചോദ്യങ്ങൾക്കുള്ള ശരിയുത്തരം SMS വഴിയും കമന്റ് വഴിയും അറിയിക്കാം. യുവാക്കളെ, പ്രത്യേകിച്ച് കന്നി വോട്ട് ചെയ്യുന്നവരെ ഇന്ത്യൻ തിരഞ്ഞെടുപ്പ് സംവിധാനത്തെക്കുറിച്ചും ചരിത്ര ത്തെക്കുറി ച്ചും ചിന്തിക്കാൻ പ്രേരിപ്പിക്കുകയും സജീവ പങ്കാളിത്തം ഉറപ്പാക്കുകയുമാണ് ജില്ലാ ഭരണകൂടത്തിന്റെ ലക്ഷ്യം.

✪✪✪

സ്വീപ്പിന്റെ ഭാഗമായി KSRTC യുടെ ഡബിൾ ഡക്കർ ബസ് നാളെ ഇടുക്കിയിലെത്തും. പ്രശസ്ത ഫുട്ബോളർ I.M വിജയൻ ഉച്ച കഴിഞ്ഞ് മൂന്നാർ കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ മൈതാനത്ത് ബസ് ഫ്ലാഗ്ഓഫ് ചെയ്യും. പൊതുജനങ്ങൾക്ക് ബസിൽ യാത്ര ചെയ്യുന്നതിന് സൗകര്യങ്ങൾ എത്ര ദിവസം ബസ് ഇടുക്കിയിൽ ഉണ്ടാകും തുടങ്ങിയ വിവരങ്ങൾ ഫ്ളാഗ്ഓഫ് വേദിയിൽ ജനങ്ങളെ അറിയിക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

✪✪✪

മലപ്പുറം ജില്ലയിൽ മൂന്ന് മുന്നണികളുടെയും ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി.

ആകാശവാണി ജില്ലാ പ്രതിനിധി M. സുരേഷ്ബാബു തയ്യാറാക്കിയ റിപ്പോർട്ട്.

.......(വോയ്സ്).................

✪✪✪

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ NDA സ്ഥാനാർത്ഥി V മുരളീധരന്റെ വാഹന ജാഥ ഇന്നലെ രാത്രി അലങ്കോലപ്പെടുത്താൻ ശ്രമമുണ്ടായി. ഇന്നലെ പള്ളിക്കൽ പഞ്ചായത്തിലെ പകൽക്കുറി കൊട്ടിയംമുക്കിൽ ബൈക്കിലെത്തിയ മുന്നംഗ സംഘമാണ് വാഹന പര്യടനത്തിന് നേരെ അതിക്രമം നടത്തിയത്.. പര്യടനം നിർത്തി വെച്ച BJP പ്രവർത്തകർ പൊലീസിനെ വിവരമറിയിച്ചു. തുടർന്ന് പൊലീസ് അകമ്പടിയിലാണ് പ്രചാരണം നടത്തിയത്.

NDA യുടെ തിരഞ്ഞെടുപ്പ് പ്രചാരണം അലങ്കോലപ്പെടുത്താൻ സാമൂഹ്യവിരുദ്ധർ നടത്തിയ ശ്രമം അപലപനീയമാണെന്ന് NDA സ്ഥാനാർത്ഥി V.മുരളീധരൻ പ്രതികരിച്ചു. വാഹനജാഥയ്ക്കു നേരെയുണ്ടായ ആക്രമണം പ്രതിഷേധാർഹമാണെന്ന് BJP സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രൻ വാർത്താകുറിപ്പിൽ അറിയിച്ചു. സംഭവത്തെപ്പറ്റി സമഗ്രാന്വേഷണം നടത്തണമെന്ന് സുരേന്ദ്രൻ ആവശ്യപ്പെട്ടു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഉത്തരാഖണ്ഡിലെ ഋഷികേശിൽ BJP സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് പൊതു യോഗത്തിൽ പങ്കെടുത്തു. മുഖ്യമന്ത്രി പുഷ്ക്കർ സിംഗ് ധാമിയും പ്രധാനമന്ത്രിക്കൊപ്പം പ്രചാരണത്തിൽ പങ്കുചേർന്നു.

✪✪✪

ഉത്തരേന്ത്യയിൽ വിശ്വാസികൾ ഇന്ന് ഈദുൽ ഫിത്തർ ആഘോഷിക്കുന്നു. മഹാരാഷ്ട്രയിലും കർണാടക, ലക്ഷദ്വീപ് എന്നിവിടങ്ങളിലും ഇന്നാണ് പെരുന്നാൾ ആഘോഷം. രാഷ്ട്രപതി ദ്രൗപതി മുർമുവും, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറും, പ്രധാനമന്ത്രി നരേന്ദ്രമോദിയും ജനങ്ങൾക്ക് ഈദുൽ ഫിത്തർ ആശംസകൾ നേർന്നു. കേരളത്തിൽ ഇന്നലെയായിരുന്നു ചെറിയ പെരുന്നാൾ.

✪✪✪

ലക്ഷദ്വീപിൽ കൽപ്പേനി ഒഴികെ 9 ദ്വീപുകളിൽ ഇന്ന് ചെറിയ പെരുന്നാൾ ആഘോഷിക്കുന്നു. കൽപ്പേനി ദ്വീപിൽ ഇന്നലെയായിരുന്നു ഈദുൽ ഫിത്തർ.

✪✪✪

തെക്കൻ കശ്മീരിലെ പുൽവാമ ജില്ലയിലെ ഫ്രാസിപോറ ഗ്രാമത്തിൽ ഭീകരരും സുരക്ഷാ സേനയും തമ്മിൽ രാവിലെ ഏറ്റുമുട്ടലുണ്ടായി. പ്രദേശത്ത് തീവ്രവാദികളുടെ സാന്നിധ്യ ത്തെക്കുറിച്ച് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ പോലീസ്, സൈന്യം, CRPF സംയുക്ത സംഘം പരിശോധന നടത്തുന്നതിനിടെ ഭീകരർ വെടിയുതിർക്കു കയായിരുന്നുവെന്ന് പൊലീസ് അറിയിച്ചു. കൂടുതൽ വിവരങ്ങൾ ലഭ്യമായിട്ടില്ല.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, ബെംഗളൂരു റോയൽ ചലഞ്ചേഴ്സിനെ നേരിടും. മുംബൈയിലെ വാങ്കഡെ സ്റ്റേഡിയ ത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

സംസ്ഥാനത്ത് വരുംദിവസങ്ങളിലും ഉയർന്ന പകൽ ചൂട് തുടരുമെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. പാലക്കാട് ജില്ലയിൽ ഞായറാഴ്ച വരെ താപനില 41 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ട്.

കൊല്ലത്ത് 40 ഡിഗ്രി വരെയും, തൃശൂരിൽ 39 ഡിഗ്രി വരെയും, പത്തനംതിട്ട, കോട്ടയം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 38 ഡിഗ്രി സെൽഷ്യസ് വരെയും ഉയർന്നേക്കും. ആലപ്പുഴ, എറണാകുളം, കാസർഗോഡ് ജില്ലകളിൽ 37 ഡിഗ്രി വരെയും, തിരുവനന്തപുരം, മലപ്പുറം ജില്ലകളിൽ 36 ഡിഗ്രി വരെയും താപനില ഉയർന്നേക്കാമെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

കണ്ണൂർ പാനൂരിൽ ഒരാൾ മരിച്ച ബോംബ് സ്ഫോടന കേസിലെ പ്രതികളെ തെളിവെടുപ്പിനും കൂടുതൽ ചോദ്യംചെയ്യലിനുമായി പോലീസ് കസ്റ്റഡിയിൽ വാങ്ങും.. കേസുമായി ബന്ധപ്പെട്ട ഒൻപത് പേരാണ് റിമാൻഡിലുള്ളത്. രണ്ട്

പേർ പരിക്കുകളോടെ ആസ്പത്രിയിൽ ചികിത്സയിലാണ്.12 പേരാണ് കേസിലെ പ്രതികൾ.

കണ്ണൂരിൽ തിരഞ്ഞെടുപ്പ് അട്ടിമറിക്കാൻ CPIM ശ്രമിക്കുന്നുവെന്ന് ആരോപിച്ച് DCC പ്രസിഡന്റ് മാർട്ടിൻ ജോർജ് ജില്ല കളക്ടർക്ക് പരാതി നൽകി. മുഴുവൻ പോളിങ് ബൂത്തുകളുടെയും പൂർണനിയന്ത്രണം കേന്ദ്രസേനയെ ഏൽപ്പിക്കണമെന്നും ആദ്ദേഹം ആവശ്യപ്പെട്ടു.

✪✪✪

ഇന്നലെ അന്തരിച്ച സിനിമ നിർമ്മാതാവ് ഗാന്ധിമതി ബാലന്റെ ഭൗതികശരീരം ഉച്ചകഴിഞ്ഞ് മൂന്നിന് തിരുവനന്തപുരം VJT ഹാളിൽ പൊതുദർശനത്തിന് എത്തിക്കും. പൊതു ദർശനത്തിന് ശേഷം വൈകിട്ട് അഞ്ചിന് തൈക്കാട് ശാന്തികവാടത്തിൽ സംസ്കാരം നടക്കും.

✪✪✪

മേട മാസപൂജകൾക്കും വിഷു പൂജകൾക്കുമായി ശബരിമല നട ഇന്നലെ തുറന്നു. ഇന്ന് പുലർച്ചെ പതിവു പൂജകൾ ആരംഭിച്ചു. ഇന്നു മുതൽ 18 വരെ നെയ്യഭിഷേകമടക്കം ചടങ്ങുകൾ ഉണ്ടായിരിക്കും.

മേടം ഒന്നായ ഏപ്രിൽ 14 ന് പുലർച്ചെ മൂന്നിന് നട തുറന്ന ശേഷം അയ്യപ്പനെ കണി കാണിക്കും. പിന്നീട് ഭക്തർക്ക് വിഷുക്കണി കാണാം. തുടർന്ന് തന്ത്രിയും മേൽശാന്തിയും വിഷുക്കൈനീട്ടം വിതരണം ചെയ്യും. മേടമാസ പൂജകൾ പൂർത്തിയാക്കി ഏപ്രിൽ 18 ന് നട അടയ്ക്കും.

✪✪✪